**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **03-08-2021 - ല്‍ മറുപടിയ്ക്ക്**

**ചക്കയ്ക്ക് വിപണന മൂല്യം ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റര്‍ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഏറെ പോഷകഗുണമുള്ളതും, രാസവസ്തുകള്‍ ഉപയോഗിക്കാത്തതുമായ ചക്കപ്പഴം ഭക്ഷണാവശ്യത്തിന് ഉപയോഗിക്കപ്പെടാതെ ധാരാളമായി നശിച്ച് പോകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ചക്കപ്പഴം വിളവെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് മൂലം ഭക്ഷണാവശ്യത്തിന് ഉപയോഗിക്കാതെ നശിച്ചുപോകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | വിദേശ രാജ്യങ്ങളില്‍ വലിയ പ്രാധാന്യം ഉള്ള ചക്കയ്ക്ക് സംസ്ഥാനത്തു വിപണന മൂല്യം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാന്‍ കഴിയും എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുള്ള ചക്കയ്ക്ക് മികച്ച വില ലഭ്യമാക്കുന്നതിനും കര്‍ഷകര്‍ക്ക് അധികവരുമാനം ഉറപ്പുവരുത്തുന്നതിനുമായി വി.എഫ്.പി.സി.കെ യുടെ കീഴില്‍ ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക വിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിപണന ശൃംഖല കൂടുതല്‍ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യന്‍ സംസ്ഥാനങ്ങളില്‍ വിപണി കണ്ടെത്തുന്നതിനും ശ്രമിച്ചു വരുന്നു. 2020-21 സാമ്പത്തിക വര്‍ഷം 35 ടണ്ണോളം ചക്കയുടെ വിപണനം നടത്തിയിട്ടുണ്ട്. ഇത് കൂടാതെ വി.എഫ്.പി.സി.കെ മുഖേനയുള്ള പഴവര്‍ഗ്ഗ കൃഷി വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തി ചുവടെ ചേര്‍ക്കുന്ന പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്നു. ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ നിരക്കില്‍ കര്‍ഷകര്‍ക്ക് സഹായം. ചക്കയുടെ മൂല്യവര്‍ദ്ധന പരിശീലനങ്ങള്‍ കര്‍ഷകര്‍ക്ക് നല്‍കുന്നതിനും പദ്ധതി. ഇടുക്കി ജില്ലയില്‍ ആരംഭിച്ച ചക്ക മൂല്യവര്‍ദ്ധന യൂണിറ്റിനും വയനാട് ജില്ലയില്‍ ചക്ക മൂല്യവര്‍ദ്ധന യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി സഹായം |
| (സി) | കുട്ടികളിലും മുതിര്‍ന്നവരിലും ചക്ക ഉപയോഗിച്ചുള്ള ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ; | (സി) | നാരുകളാലും പോഷകഗുണങ്ങളാലും സമൃദ്ധമായ ചക്കപ്പഴം ഭക്ഷണത്തില്‍ ഉള്‍പ്പെടുത്തുന്നതുവഴി ജങ്ക് ഭക്ഷണരീതി കുട്ടികളില്‍ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങള്‍ ഒരു പരിധിവരെ തടയാന്‍ സാധിക്കുന്നതാണ്. കുട്ടികളിലും മുതിര്‍ന്നവരിലും |

| | | | |
|---|---|---|---|
| | | | ചക്ക ഉപയോഗിച്ചുള്ള ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് വി എഫ് പി സി കെ മുഖാന്തിരം തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ആരോഗ്യ സംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിന് വിവിധ തലത്തിലുള്ള ബോധവല്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. |
| (ഡി) | നിലവിലെ ജങ്ക് ഭക്ഷണരീതി കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും ചക്കപ്പഴം ഉപയോഗിക്കുന്നത് വഴി തടയാൻ സാധിക്കുമോ എന്നറിയിക്കാമോ; | (ഡി) | നാരുകളാലും പോഷകഗുണങ്ങളാലും സമൃദ്ധമായ ചക്കപ്പഴം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതുവഴി ജങ്ക് ഭക്ഷണരീതി കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. കുട്ടികളിലും മുതിർന്നവരിലും ചക്ക ഉപയോഗിച്ചുള്ള ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് വി എഫ് പി സി കെ മുഖാന്തിരം തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ആരോഗ്യ സംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിന് വിവിധ തലത്തിലുള്ള ബോധവല്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.. |
| (ഇ) | ചക്കപ്പഴം കോൾഡ് സ്റ്റോർ ചെയ്ത് സൂക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കാമോ; | (ഇ) | ചക്കപ്പഴം കോൾഡ് സ്റ്റോർ ചെയ്ത് സൂക്ഷിക്കുന്നതിന് നിലവിൽ കൃഷി വകുപ്പിൽ പദ്ധതികളില്ല. എന്നാൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ ചക്കയുടെ മൂല്യവർദ്ധനത്തിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് ആൻറ് പ്രോസസിംഗ് സെൻർ വഴി ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഈ വർഷം വയനാട് ജില്ലയിലെ മുട്ടിൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് സെൻററിൽ നിന്നും ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായ ങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് 2021-22 ൽ "Procurement. trading and processing of Jack fruit by VFPCK” എന്ന പദ്ധതിക്ക് 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | ഇത് ഉപയോഗിച്ചുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | ചക്കപ്പഴം കോൾഡ് സ്റ്റോർ ചെയ്ത് സൂക്ഷിക്കുന്നതിന് നിലവിൽ കൃഷി വകുപ്പിൽ പദ്ധതികളില്ല. എന്നാൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ ചക്കയുടെ മൂല്യവർദ്ധനത്തിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് ആൻറ് പ്രോസ്സസിംഗ് സെൻർ വഴി ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഈ വർഷം വയനാട് ജില്ലയിലെ മുട്ടിൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് സെൻററിൽ നിന്നും ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായ ങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് 2021-22 ൽ "Procurement. trading and processing of Jackfruit by VFPCK” എന്ന പദ്ധതിക്ക് 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമനമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി<br>10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരഭം | 40% പരമാവധി<br>25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി<br>50 ലക്ഷം |